## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2148 — 26.03.2013- ലെ മറുപടിക്ക്

### മരണപ്പെടുന്നവരുടെ വായ്പയിൽ ഇളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ശേഷം മരണപ്പെടുന്നവരുടെ വായ്പയിൽ ഇളവ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ശേഷം മരണമടയുന്നവരുടെ വായ്പ തുകയിൽ ഒരു നിശ്ചിത പരിധിവരെയുള്ള തുക എഴുതി തള്ളുന്നതിനായി റിസ്ക് ഫണ്ട് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതി തള്ളുന്നത് മുഖേന വായ്പക്കാരുടെ അനന്തരാവകാശികൾക്ക് ആശ്വാസം നൽകുക എന്നതാണ് റിസ്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. 30.03.2012 ലെ സ.ഉ (കൈ) നം.42/2012/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ ഭേദഗതി വരുത്തുകയും മരണ പ്പെട്ടവരുടെ വായ്പകൾക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം വായ്പ എടുത്ത ശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, ഹൃദയ ശസ്ത്രക്രീയയ്ക്ക് വിധേയരായവർ എന്നീ മാരക രോഗങ്ങൾ പിടിപെട്ട് വായ്പ ബാദ്ധ്യതകൾ തീരാതെ വരുന്ന വായ്പകൾക്ക് കൂടി ലഭ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| സി) എത്ര രൂപയുടെ ഇളവാണ് പ്രസ്തുത പദ്ധതി മുഖേന നൽകുന്നത്; വിശദമാക്കുമോ; | (സി) വായ്പ എടുത്ത ശേഷം മരണപ്പെട്ടവരുടെ വായ്പ തുകയിൽ ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതി തള്ളുന്നതാണ്. മേൽ പരാമർശിച്ച മാരക രോഗം ബാധിച്ചവരുടെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതി തള്ളുന്നതാണ്. |
| ഡി) വായ്പ എടുത്ത ശേഷം മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കും മാരക രോഗബാധിതർക്കും എന്തെല്ലാം ഇളവുകളാണ് പദ്ധതിവഴി ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) വായ്പ എടുത്ത ശേഷം മരണമടഞ്ഞവരുടെ വായ്പയിൽ ബാക്കി നിൽപ്പുള്ള ഒന്നര ലക്ഷം രൂപവരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി എഴുതി തള്ളുന്നതാണ്. മാരക രോഗം ബാധിച്ചവരുടെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതിയിലെ നിബന്ധനകൾക്ക് വിധേയമായി എഴുതി തള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ